"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ്‌കോടതിയുടെ എൽ.എ.ആർ കേസ്.നം **566/09** ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ബാക്കി തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.**472/2026/PWD** തിരുവനന്തപുരം, തീയതി,**18-03-2026**

---

പരാമർശം:-

1. സഉ(അച്ചടി)**32/2019/**ധന തീയതി **18.03.2019**
2. സ.ഉ.(സാധാ) നം.**941/2018/PWD** തീയതി **07.06.2018**
3. സ.ഉ.(സാധാ) നം.**1172/2019/PWD** തീയതി **30.09.2019**
4. സ.ഉ.(സാധാ) നം.**316/2023/PWD** തീയതി **15.03.2023**
5. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ **04.03.2026** ലെ **CEPWD/4352/2023-C3(F)-NH** നം. കത്ത്.

**<u>ഉത്തരവ്</u>**

മണ്ണന്തല-കേശവദാസപുരം റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം.**556/09** ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം **2** ലെ ഉത്തരവ് പ്രകാരം **5,70,604/-** രൂപയും, പരാമർശം **3** ലെ ഉത്തരവ് പ്രകാരം **39,995/-** രൂപയും പരാമർശം **4** ലെ ഉത്തരവ് പ്രകാരം **2814 / -** രൂപയും അനുവദിച്ചിരുന്നു. **2022-23** സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ **BAMS** മുഖാന്തിരം ഫണ്ട് കൈമാറാൻ സാധിക്കാത്തതിനാൽ ഈ കേസിൽ നൽകാൻ ബാക്കിയുള്ള തുകയായ **3,732/-** രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 566/09 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 3,732/- രൂപ (മൂവായിരത്തി എഴുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ), പൊതുമരാമത്ത് വകുപ്പ്, കൊല്ലം.

ജില്ലാകളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 18-03-2026 17:06:58

സെക്ഷൻ ഓഫീസർ